## പതിനാലാം കേരളനിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. **426** — **21.10.2016** ൽ മറുപടിക്ക്

## പുരാവസ്തു വകുപ്പിന്റെ പ്രവർത്തനം

**ചോദ്യം** — **മറുപടി**

ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി
ശ്രീ. സി.മമ്മൂട്ടി
ശ്രീ.എൻ.എ.നെല്ലിക്കുന്ന്
ശ്രീ. മഞ്ഞളാംകുഴി അലി

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
(ബഹു. തുറമുഖവും,മ്യൂസിയവും പുരാവസ്തുസംരക്ഷണവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാന പുരാവസ്തു വകുപ്പിന്റെ പ്രവർത്തനലക്ഷ്യം വിശദമാക്കുമോ; | (എ) | 1968 ലെ കേരള പ്രാചീന സ്മാരക പുരാവസ്തു സങ്കേത പുരാവശിഷ്ട ആക്റ്റ് പ്രകാരം പ്രാചീന സ്മാരകങ്ങളും, പുരാവസ്തു സങ്കേതങ്ങളും സംരക്ഷിക്കുന്നതിനും, പുരാവസ്തു ശാസ്ത്ര സംബന്ധമായ ഉദ്ഖനനങ്ങൾ ക്രമപ്പെടുത്തുന്നതിനും,ശിൽപ്പവേലകൾ, കൊത്തുപണികൾ, അവയെപ്പോലുള്ള മറ്റു വസ്തുക്കൾ എന്നിവ കാത്തു സൂക്ഷിക്കുന്നതും പുരാവസ്തു വകുപ്പിന്റെ പ്രവർത്തന ലക്ഷ്യങ്ങളാണ്. |
| (ബി) | വിലയേറിയ ചരിത്രാവശിഷ്ടങ്ങളും പൈതൃക വസ്തുക്കളും സംരക്ഷി ക്കുന്ന കാര്യത്തിൽ ഈ വകുപ്പ് കഴിഞ്ഞ പത്തു വർഷങ്ങളിൽ സ്വീകരിച്ച നടപടികൾ ചുരുക്കത്തിൽ വിശദമാക്കുമോ ; | (ബി) | പുരാവസ്തു വകുപ്പിന്റെ കീഴിലുള്ള സംരക്ഷിത സ്മാരകങ്ങളുടെ സംരക്ഷണത്തിനായി കാലാകാലങ്ങളായി ആവശ്യമുള്ള രാസ സംരക്ഷണ പ്രവർത്തനങ്ങളും ഘടനാ സംരക്ഷണ പ്രവർത്തനങ്ങളും വകുപ്പ് ചെയ്തു വരുന്നു. സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ജില്ലാ പൈതൃക മ്യൂസിയങ്ങൾ സജ്ജീകരിക്കുന്നതിനുള്ള പദ്ധതി പുരാവസ്തു വകുപ്പ് നടപ്പാക്കി വരുന്നു. ആദ്യഘട്ടത്തിൽ 8 ജില്ലകളിൽ സ്ഥലം കണ്ടെത്തി സജ്ജീകരണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. എറണാകുളം, , തൃശ്ശൂർ ജില്ലകളിൽ മ്യൂസിയം സജ്ജീകരണ പ്രവർത്തനങ്ങൾ നടന്നു വരുന്നു. തിരുവനന്തപുരം, പത്തനംതിട്ട, ഇടുക്കി, വയനാട്, പാലക്കാട് ജില്ലകളിൽ സജ്ജീകരണ പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നുണ്ട്. ഇതിനായി 2012-13, 2013-14 2014-15, 2015-16 വർഷങ്ങളിൽ യഥാക്രമം 14 കോടി, 7 കോടി, 5 കോടി, 6 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. നമ്മുടെ പൈതൃകത്തിന്റേയും ചരിത്രത്തിന്റേയും ശേഷിപ്പുകളുടെ സംരക്ഷണം ഉറപ്പാ ക്കുന്നതിനും ഭാവിതലമുറയ്ക്ക് മനസ്സിലാകുന്ന രീതിയിൽ ആധുനിക സംവിധാനങ്ങളോടു കൂടി മ്യൂസിയം സജ്ജീകരിക്കുന്നതിനുമാണ് ഉദ്ദേശിക്കുന്നത്. പത്മനാഭപുരം കൊട്ടാരത്തെ ലോക പൈതൃക പട്ടികയിൽ ഉൾപ്പെടുത്തുന്നതിനായി വിവരങ്ങൾ യുനെസ്കോയ്ക്ക് ലഭ്യമാക്കുകയും,യുനെസ്കോയുടെ |

| | | | |
|---|---|---|---|
| | | | ആവശ്യപ്രകാരം പത്മനാഭപുരം കൊട്ടാരത്തിന്റെ Digital Graphics Documentation ചെയ്യുകയും. സെമിനാർ സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. പ്രവർത്തനങ്ങളുടെ നടത്തിപ്പിനായി സ്പെഷ്യൽ ഓഫീസറെ നിയമിച്ചിട്ടുണ്ട്. അന്തിമ ലിസ്റ്റിൽ പത്മനാഭപുരം കൊട്ടാരത്തെ ഉൾപ്പെടുത്തുന്നതിനാവശ്യമായ ശുപാർശകൾ സമർപ്പിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. യുനെസ്കോയുടെ പ്രാഥമിക പട്ടികയിൽ പത്മനാഭപുരം കൊട്ടാരത്തെ ഉൾപ്പെടുത്തിയിട്ടുണ്ട്. നിലവിൽ പത്മനാഭപുരം കൊട്ടാരം, കോയിക്കൽ കൊട്ടാരം,കൃഷ്ണപുരം കൊട്ടാരം, ഹിൽ പാലസ്സ് മ്യൂസിയം ,ശക്തൻ തമ്പുരാൻ കൊട്ടാരം എന്നിവിടങ്ങളിൽ പോലീസ് സംരക്ഷണം ഏർപ്പെടുത്തിയിട്ടുണ്ട്. പുരാവസ്തു വകുപ്പിന്റെ അധീനതയിലുള്ള സംരക്ഷിത സ്മാരകങ്ങളായ നെടുമങ്ങാട് കോയിക്കൽ കൊട്ടാരം, എറണാകുളം ഹിൽപ്പാലസ് മ്യൂസിയം, കോഴിക്കോട് പഴശ്ശിരാജാ മ്യൂസിയം എന്നവിടങ്ങളിൽ കേന്ദ്രസർക്കാരിന്റേയും. സംസ്ഥാന സർക്കാരിന്റേയും പങ്കാളിത്തത്തോടെ "Setting up, promotion and Strengthening of Regional and Local Museums" എന്ന പദ്ധതി പ്രകാരം ധനസഹായം ലഭിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ 80% ചെലവ് കേന്ദ്രവും ബാക്കി സംസ്ഥാന സർക്കാരും വഹിക്കുന്നു. സംരക്ഷിത സ്മാരകങ്ങളിൽ കൈയ്യേറ്റം തടയുകയെന്ന ഉദ്ദേശത്തിൽ മോണുമെന്റ് അറ്റന്റർമാരെ ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ റവന്യൂ, പോലീസ് വകുപ്പിന്റെ സഹകരണത്തോടെ സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. |
| (സി) | പുരാവസ്തു സംരക്ഷണ നിയമ പ്രകാരം സംരക്ഷിക്ക പ്പെടേണ്ട സംസ്ഥാനത്തെ ചരിത്ര ശേഷിപ്പുകളുടെ ലിസ്റ്റു പ്രകാരം ഇനിയും നോട്ടിഫൈ ചെയ്യാനുള്ളവയുടെ വിവരം വെളിപ്പെടുത്തുമോ ; | (സി) | പുരാവസ്തു സംരക്ഷണ നിയമ പ്രകാരം നോട്ടിഫൈ ചെയ്യുവാനുള്ളവയുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ഡി) | സംരക്ഷിക്കപ്പെടേണ്ട ശേഷിപ്പുകൾ സംരക്ഷണമില്ലാതെ നശിപ്പിക്ക പ്പെടുന്നത് ഒഴിവാക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ ? | | നിലവിലുള്ള സ്മാരകങ്ങളെക്കൂടാതെ ശ്രദ്ധയിൽപ്പെടുന്ന സംരക്ഷണ യോഗ്യമായ ശേഷിപ്പുകൾ സംരക്ഷിക്കുന്നതിനുള്ള നടപടികൾ വകുപ്പ് സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**

## അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കാനുള്ള സ്മാരകങ്ങളുടെ പട്ടിക

| ക്രമ നം. | സ്മാരകത്തിന്റെ വിവരം | പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിച്ച വർഷം |
|---|---|---|
| തിരുവനന്തപുരം ജില്ല | | |
| 1 | കവടിയാർ (2) കൊട്ടാരം | 2004 |
| 2 | പേരേറ്റിൽ വഴിയമ്പലം, ഒറ്റൂർ, ചിറയിൻ കീഴ് | 2007 |
| ആലപ്പുഴ ജില്ല | | |
| 3 | അമ്പലപ്പുഴ ബുദ്ധ പ്രതിമ (കരുമാടിക്കുട്ടൻ) | 1965 |
| 4 | ചേർത്തല എഴുപുന്ന സെന്റ്. റാഫേൽസ് പള്ളിയും, കോമ്പൗണ്ടും | 2010 |
| 5 | ചെങ്ങന്നൂർ മാന്നാർ തൃക്കുരുട്ടി മഹാദേവ ക്ഷേത്രം | 2013 |
| കോട്ടയം ജില്ല | | |
| 6 | സ്വാതന്ത്ര്യ സമര സേനാനി ചെമ്പിലരയന്റെ വീട്, വൈക്കം, ചെമ്പ് | 2007 |
| 7 | മെൻഹിർ (വീരശില) തിരുനക്കര | 2008 |
| ഇടുക്കി ജില്ല | | |
| 8 | കണ്ണക്കയംകുന്ന് പുലയ സെറ്റിൽമെന്റ്, ദേവികുളം, തിട്ടവയൽ, കോവിൽക്കടവ് | 2006 |
| എറണാകുളം ജില്ല | | |
| 9 | ആലുവ പഴയ കച്ചേരി ബംഗ്ലാവ് (യുണിയൻ ക്രിസ്ത്യൻ കോളേജ്) | 1993 |
| 10 | എടയ്ക്കാട് (കണയന്നൂർ) തിരുമാറായിക്കുളം മഹാദേവക്ഷേത്രം | 2004 |
| 11 | കുന്നത്തുനാട് കടമറ്റം പള്ളി | 2004 |
| 12 | കണയന്നൂർ തെക്കുംഭാഗം സിനഗോഗ് | 2010 |
| 13 | മട്ടാഞ്ചേരി കറുത്ത ജൂതപ്പള്ളി | 2016 |

(PTO)

| | | |
|---|---|---|
| തൃശൂർ ജില്ല | | |
| 14 | ടിപ്പു ഫ്ളാഗ് സ്റ്റഫ് | 1969 |
| 15 | തൃക്കൂർ മഹാദേവക്ഷേത്രം | 1966 |
| 16 | മേത്തല കോട്ടപ്പുറം കോട്ട | |
| 17 | തലപ്പിള്ളി മുള്ളൂർക്കര ഇരുനിലംകോട് ക്ഷേത്രം | |
| 18 | തലപ്പിള്ളി കോത്താലികുന്ന് ഗുഹ | |
| **പാലക്കാട് ജില്ല** | | |
| 19 | ആലത്തൂർ തോളന്റെ കട്ടിൽ | 2003 |
| 20 | ആലത്തൂർ നന്നങ്ങാടി | 2003 |
| **മലപ്പുറം ജില്ല** | | |
| 21 | ഏറനാട് കോട്ടയ്ക്കൽ ശ്രീ വെങ്കിട്ടതേവർ ക്ഷേത്രം | 1993 |
| 22 | തിരൂർ തൃപ്പങ്ങോട് മഹാശിവക്ഷേത്രം | 2012 |
| **കോഴിക്കോട് ജില്ല** | | |
| 23 | നൊച്ചാട്, കൊയിലാണ്ടി, കൽപ്പത്തൂർ പരദേവതാ ക്ഷേത്രം | 1995 |
| 24 | മണിയൂർ, വട്ടക്കര ഗുഹ | 2003 |
| **കണ്ണൂർ ജില്ല** | | |
| 25 | തലശ്ശേരി കണ്ണവം തൊടീക്കുളം ശിവക്ഷേത്രം | 1993 |
| **കാസർഗോഡ് ജില്ല** | | |
| 26 | പീലിക്കോട് ഗുഹ | 1992 |
| 27 | അരീക്കാടി കോട്ട | 2007 |
| 28 | ഹോസ്ദുർഗ്ഗ് കോട്ട | 2006 |

DIRECTOR OF ARCHAEOLOGY